ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈൽ ആധാറുമായി ലിങ്ക് ചെയ്യേണ്ടതാണ്.

ഒറ്റത്തവണ രജിസ്ട്രേഷൻ മുഖേന 50 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തതിൽ 29 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിൽ ആധാർ നമ്പർ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ 23 ലക്ഷത്തോളം ഉദ്യോഗാർഥികളുടെ ആധാർ e-verify ചെയ്ത് പ്രൊഫൈലുമായി link ചെയ്തിട്ടുണ്ട്. ആധാർ നമ്പർ ഉൾപ്പെടുത്താത്ത 21 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ അടിയന്തിരമായി അവരുടെ പ്രൊഫൈലിൽ ആധാർ നമ്പർ ഉൾപ്പെടുത്തി പ്രൊഫൈലുമായി link ചെയ്യേണ്ടതാണ്. എല്ലാ ഉദ്യോഗാർത്ഥികളും പ്രൊഫൈലിൽ ലോഗിൻ ചെയ്ത് ആധാർ നമ്പർ ലിങ്ക് ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ഉദ്യോഗാർത്ഥികളുടെ ആധാർ നമ്പർ തുളസി പ്രൊഫൈലുമായി ബന്ധിപ്പിക്കുന്ന വിധം

- ഉദ്യോഗാർത്ഥി തുളസി പ്രൊഫൈലിൽ ലോഗിൻ ചെയ്യുക.
- ഹോം പേജിൽ കാണുന്ന **AADHAAR Linking** ബട്ടൺ ക്ലിക്ക് ചെയ്യുക.
- Linking Aadhaar with Profile വിൻഡോയിൽ ആധാർ നമ്പർ , ആധാർ കാർഡിലുള്ള പേര് എന്നിവ നൽകി Consent for Authentication ൽ **tick** ചെയ്തതിനുശേഷം **Link with Profile** ബട്ടൺ ക്ലിക്ക് ചെയ്ത് ആധാർ ലിങ്കിങ് പൂർത്തിയാക്കാവുന്നതാണ്.